പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപര്‍ 3187 21.06.2013 - ല്‍ മറുപടിയ്ക്ക്

## വയോമിത്രം പദ്ധതി

ചോദ്യം — ഉത്തരം

ശ്രീ. കെ. ശിവദാസന്‍ നായര്‍
,, ബെന്നി ബെഹനാന്‍
,, പി. എ. മാധവന്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍

ഡോ. എം.കെ. മുനീര്‍
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | വയോമിത്രം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം ; വിശദമാക്കുമോ ; | (എ) | നഗരപ്രദേശങ്ങളില്‍ കഴിയുന്ന 65 വയസ്സിന് മേല്‍ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോട് കൂടി നടപ്പാക്കി വരുന്ന പദ്ധതിയാണ് 'വയോമിത്രം'. ഈ പദ്ധതിയിലൂടെ ഹെല്‍പ്പ് ഡെസ്കിന്റെ സേവനം, ആംബുലന്‍സ് സര്‍വ്വീസ്, ക്ലിനിക്ക്, പാലിയേറ്റിവ് ഹോം കെയര്‍, സൗജന്യ മരുന്നുകള്‍ എന്നിവ നല്‍കി വരുന്നു. |
| (ബി) | ഏതെല്ലാം ഏജന്‍സികളാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത് ; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കേരള സാമൂഹ്യ സുരക്ഷാ മിഷനാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) | വൃദ്ധജനങ്ങളുടെ പരിരക്ഷയ്ക്ക് എന്തെല്ലാം സഹായങ്ങളാണ് പദ്ധതി വഴി നല്‍കുന്നത് ; | (സി) | മൊബൈല്‍ ക്ലിനിക്ക്, ആംബുലന്‍സ് സൗകര്യം, പാലിയേറ്റിവ് കെയര്‍, ഹെല്‍പ്പ് ഡെസ്ക്ക്, സൗജന്യ മരുന്നുകള്‍ എന്നിവയാണ് നല്‍കി വരുന്നത്. |
| (ഡി) | പദ്ധതിയ്ക്കായി തുക ചെലവഴിക്കുന്നതില്‍ മുന്‍ സര്‍ക്കാരിനെക്കാളും പുരോഗതി ഈ സര്‍ക്കാരിന്റെ കാലത്ത് നേടിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | പുരോഗതി നേടിയിട്ടുണ്ട്. കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് തിരുവനന്തപുരം, കൊല്ലം കോര്‍പ്പറേഷന്‍ പ്രദേശത്ത് മാത്രം ആരംഭിച്ച പദ്ധതി ഈ സര്‍ക്കാരിന്റെ കാലത്ത് ബാക്കി 3 കോര്‍പ്പറേഷന്‍ പ്രദേശത്തും 19 തെരഞ്ഞെടുത്ത മുനിസിപ്പല്‍ പ്രദേശത്തും കൂടി നടപ്പാക്കി പദ്ധതി പ്രവര്‍ത്തനം വ്യാപിപ്പിക്കുകയുണ്ടായി. ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം 2012-13 വര്‍ഷത്തില്‍ 4 കോടി രൂപയും 2013-14 വര്‍ഷത്തേയ്ക്ക് 5 കോടി രൂപയും അനുവദിച്ച് നല്‍കിയിട്ടുണ്ട്. |

R. Vijayan

സെക്ഷന്‍ ഓഫീസര്‍